**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 305** **23-08-2022 - ൽ മറുപടിയ്ക്ക്**

**അനാഥാലയങ്ങളിലെ സൗജന്യ ഭക്ഷ്യ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | അനാഥാലയങ്ങൾ, അഗതിമന്ദിരങ്ങൾ, കന്യാസ്ത്രീ മഠങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് കേന്ദ്ര സർക്കാർ നൽകി വന്നിരുന്ന സൗജന്യ ഭക്ഷ്യ വിതരണം നിർത്തലാക്കിയതിനെത്തുടർന്ന് നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ചില സാങ്കേതിക കാരണങ്ങളാൽ വെൽ ഫെയർ സ്കീം പ്രകാരം കേന്ദ്ര സർക്കാർ അനുവദിക്കേണ്ട ഭക്ഷ്യ ധാന്യങ്ങൾക്ക് മുടക്കം വന്നിരുന്നു. ടി കാലയളവിൽ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ടൈഡ് ഓവർ വിഹിതത്തിൽ നിന്നും വെൽഫെയർ സ്കീമിലേയ്ക്കുള്ള ഭക്ഷ്യ ധാന്യങ്ങൾ നൽകി വന്നിരുന്നു. എന്നാൽ ഭക്ഷ്യ ധാന്യങ്ങൾ വകമാറ്റി ചെലവഴിക്കാൻ പാടില്ലെന്ന കേന്ദ്ര സർക്കാർ ഉത്തരവ് നടപ്പിലാക്കിയതിന്റെ ഭാഗമായി 2022 ജൂൺ, ജൂലൈ മാസങ്ങളിൽ വെൽഫെയർ സ്കീം പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണം തടസ്സപ്പെട്ടിരുന്നു. പ്രസ്തുത സാഹചര്യം കേന്ദ്ര പൊതുവിതരണ വകുപ്പ് മന്ത്രിയെ നേരിൽ കണ്ട് ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ വെൽഫെയർ സ്കീം പ്രകാരമുള്ള ഭക്ഷ്യ ധാന്യങ്ങളുടെ അലോട്ട്മെന്റ് പുനസ്ഥാപിച്ചിട്ടുണ്ട്. 2022-2023 സാമ്പത്തിക വർഷത്തെ ആദ്യ പാദത്തേയ്ക്ക് അനാഥാല യങ്ങൾ, അഗതിമന്ദിരങ്ങൾ, കന്യാസ്ത്രീ മഠങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ച 2382.18 MT അരിയും 1004.82 MT ഗോതമ്പും ജില്ലകൾക്ക് വിതരണത്തിനായി വീതിച്ച് നൽകിയിട്ടുണ്ട് . |
| (ബി) | ഇവർക്ക് ഭക്ഷ്യധാന്യങ്ങൾ ജൂലൈ മാസം മുതൽ വിതരണം ചെയ്യുമെന്ന് സർക്കാർ നൽകിയിരുന്ന ഉറപ്പ് പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. |
| (സി) | സ്പെഷ്യൽ സ്കൂളുകളിലും സൗജന്യ ഭക്ഷ്യ വിതരണം പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സർക്കാർ അംഗീകരിച്ചിട്ടുള്ള ക്ഷേമ സ്ഥാപനങ്ങൾ സംബന്ധിച്ച് വിവിധ വകുപ്പുകൾ ലഭ്യമാക്കുന്ന വിശദാംശങ്ങളും ടി സ്ഥാപനങ്ങളിലെ അന്തേവാസികളുടെ വിശദാംശങ്ങളും പൊതു |

| | | | |
|---|---|---|---|
| | | | വിതരണ വകുപ്പിന്റെ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്ന മുറയ്ക്ക് ടി വിശദാംശങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിച്ച് വിഹിതം ലഭ്യമാക്കി വിതരണം ചെയ്തു വരുന്നു. |
| (ഡി) | ഇക്കാര്യം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (ഡി) | സർക്കാർ അംഗീകരിച്ചിട്ടുള്ള ക്ഷേമ സ്ഥാപനങ്ങൾ സംബന്ധിച്ച് വിവിധ വകുപ്പുകൾ ലഭ്യമാക്കുന്ന വിശദാംശങ്ങളും ടി സ്ഥാപനങ്ങളിലെ അന്തേവാസികളുടെ വിശദാംശങ്ങളും പൊതു വിതരണ വകുപ്പിന്റെ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്ന മുറയ്ക്ക് ടി വിശദാംശങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിച്ച് വിഹിതം ലഭ്യമാക്കി വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ